**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4004** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാൻസർ രോഗികളുടെ ചികിത്സാ ചെലവുകൾ ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ രോഗികളെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; | (എ) | കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയിൽ ജില്ലാതല കാൻസർ നിയന്ത്രണ പരിപാടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കാൻസർ സുരക്ഷാ പദ്ധതി, കാസ്പ് കാർഡ് ഉടമകൾക്ക് നൽകി വരുന്ന വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട്, പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കോംപ്രഹെൻസീവ് ഹെൽത്ത് സ്കീം ഫോർ ഷെഡ്യൂൾഡ് ട്രൈബ്, സ്നേഹ സാന്ത്വനം, ആരോഗ്യ കിരണം മുതലായ ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ കാൻസർ രോഗികളെ സഹായിക്കുന്നതിനായി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ കാൻസർ രോഗികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |
| (സി) | മലപ്പുറം ജില്ലയിൽ കാൻസർ രോഗികൾക്ക് വിദഗ്ദ്ധ | (സി) | മലപ്പുറം ജില്ലയിൽ കാൻസർ രോഗികൾക്ക് |

| | | | |
|---|---|---|---|
| | ചികിത്സ നൽകുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | | ചികിത്സ നൽകുന്ന സ്ഥാപനങ്ങൾ ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, ജില്ലാ ആശുപത്രി നിലമ്പൂർ എന്നിവയാണ്. എടവണ്ണ സാമൂഹികാരോഗ്യ കേന്ദ്രത്തിലും കാൻസർ ചികിത്സ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലും അനുബന്ധ പ്രദേശങ്ങളിലും ഉള്ള രോഗികൾക്ക് വിദഗ്ധ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് തിരൂർ ജില്ലാ ആശുപത്രിയിൽ ഒരു വിദഗ്ധ യൂണിറ്റ് സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ കാൻസർ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്.<br><br>മലപ്പുറം എടവണ്ണയിൽ സീതിഹാജി കാൻസർ ഡിറ്റക്ഷൻ & ട്രീറ്റ്മെന്റ് എം.സി.സി യുടെ സഹകരണത്തോടെ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ